**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5305** **21-07-2022 - ൽ മറുപടിയ്ക്ക്**

**എൽഡർ ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി ആരംഭിച്ച എൽഡർ ലൈൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മുതിർന്ന പൗരന്മാർക്ക് വേണ്ടി ആരംഭിച്ച പരാതി പരിഹാര സംവിധാനമാണ് നാഷണൽ ഹെൽപ് ലൈൻ ഫോർ സീനിയർ സിറ്റിസൺസ് അഥവാ എൽഡർലൈൻ. കേന്ദ്രസർക്കാർ പദ്ധതിയായ NAPSrC (National Action Plan for Senior Citizens)യുടെ ഭാഗമായി പൂർണമായും കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ച പ്രവർത്തിച്ചു വരുന്ന എൽഡർ ലൈൻ പദ്ധതി കേരളത്തിൽ സാമൂഹ്യ നീതി വകുപ്പ് നേരിട്ട് നടപ്പിലാക്കി വരുന്നു. ആയതിന്റെ സ്റ്റേറ്റ് ഓഫീസ് തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിച്ചു വരുന്നു.<br><br>എൽഡർലൈൻ മുഖേന മുതിർന്ന പൗരന്മാർക്ക് ഏതു സേവനങ്ങൾക്കും 14567 എന്ന ടോൾ ഫ്രീ നമ്പറിൽ രാവിലെ 8മണിക്കും രാത്രി 8 മണിക്കും ഇടയിൽ ബന്ധപ്പെടാവുന്നതാണ്. രാത്രി 8 മണിക്ക് ശേഷം രാവിലെ 8 മണി വരെ വരുന്ന കാളുകൾ എൽഡർ ലൈൻ ഓഫീസിൽ നിന്നും തിരിച്ചു വിളിക്കുകയും വേണ്ട സേവനങ്ങൾ എത്തിച്ചു നൽകുകയും ചെയ്യുന്നു. ഹെൽപ് ലൈനിലേക്ക് വരുന്ന കാളുകൾ കൈകാര്യം ചെയ്യുന്ന 10 കാൾ ഓഫീസർമാരും നേരിട്ടുള്ള ഇടപെടൽ ആവശ്യമെങ്കിൽ രണ്ടു ജില്ലകൾക്ക് ഒരു ഫീൽഡ് റസ്പോൺസ് ഓഫീസർ എന്ന നിലക്ക് സംസ്ഥാനത്ത് ആകെ 7 ഫീൽഡ് റസ്പോൺസ് ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്.<br><br>എൽഡർലൈൻ മുഖേന നൽകി വരുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് മുതലാണ് ആരംഭിച്ചതെന്നും, പുതുതായി എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന നടപ്പിലാക്കി വരുന്നതെന്നും വ്യക്തമാക്കുമോ? | (ബി) | എൽഡർലൈൻ 2021 നവംബർ 1 മുതൽ ഔദ്യോഗികമായി പ്രവർത്തിച്ചു വരുന്നു.<br><br>നാളിതുവരെയായി 28,382 മുതിർന്ന പൗരന്മാർ എൽഡർലൈൻ പദ്ധതിയുടെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ഫീൽഡ്തല സഹായം |

| | | | |
|---|---|---|---|
| | | | ആവശ്യമായ 2174 കേസുകൾ നേരിട്ട് അന്വേഷിക്കുകയും വേണ്ട സഹായങ്ങൾ എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. വയോജനങ്ങൾക്ക് ലഭ്യമാകേണ്ട വിവിധ സേവനങ്ങൾ അവർക്ക് ലഭിക്കുന്നതിനുള്ള സഹായ കേന്ദ്രമായാണ് എൽഡർലൈൻ പ്രവർത്തിച്ചു വരുന്നത്.<br><br>പോലീസ്, ആരോഗ്യ വകുപ്പ്, ലീഗൽ സർവീസ്, റവന്യൂ ഓഫീസർ, ഓൾഡ് ഏജ് ഹോം, മെയിന്റനൻസ് ട്രൈബ്യൂണൽ, സി.ഡി.പി.ഒ, സീനിയർ സിറ്റിസൺ അസോസിയേഷൻ, ജില്ലാ സാമൂഹിക നീതി ഓഫീസർമാർ, പെൻഷൻ ഡിസ്ബേർസിംഗ് അതോറിറ്റി, പഞ്ചായത്ത്, കുടുംബശ്രീ, റസിഡന്റ് വെൽഫയർ അസോസിയേഷൻസ്, പാരാ ലീഗൽ വോളന്റീർ, ആശ വർക്കർ, വാർഡ് മെമ്പർ, സന്നദ്ധസേന തുടങ്ങിയവരിൽ നിന്നും വിവര ശേഖരണം നടത്തിയും ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സംയുക്ത സഹകരണത്തോടെയുമാണ് ഹെൽപ്പ് ലൈൻ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. വിവരങ്ങൾ നൽകൽ: മുതിർന്ന പൗരന്മാർക്ക് സേവനങ്ങൾ ലഭ്യമാക്കുന്ന വിവിധ സ്ഥാപനങ്ങൾ (ആശുപത്രികൾ, ഓൾഡ് ഏജ് ഹോം) സംബന്ധിച്ച വിവരങ്ങൾ നൽകി വരുന്നു.
2. മാർഗ നിർദ്ദേശങ്ങൾ : നിയമസഹായങ്ങൾ, പെൻഷൻ, മറ്റു ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട വിവരങ്ങൾ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ നൽകി വരുന്നു.
3. മാനസിക പിന്തുണ : വയോജനങ്ങൾ നേരിടുന്ന മാനസിക പ്രയാസങ്ങൾക്കും കോവിഡാനന്തര മാനസിക സംഘർഷങ്ങൾക്കുമുള്ള പിന്തുണ നൽകി വരുന്നു.
4. നേരിട്ടുള്ള സഹായങ്ങൾ : നിരാശ്രയരായ വയോജനങ്ങളുടെ പുനരധിവാസവും മാനസികവും ശാരീരികവുമായി ചൂഷണം നേരിടുന്ന പ്രായമായവർക്കുള്ള പിന്തുണ നൽകി വരുന്നു.